യത്പാദപാംസുർബഹു ജൻമ കൃച്ഛ്റതോ ധൃതാത്മഭിര്യോഗിഭിരപ്യലഭ്യ:
സ ഏവയദ്ദൃഗ്വിഷയ: സ്വയം സ്ഥിത: കിം വർണ്ണ്യതേ ദിഷ്ടമതോ വ്രജൌകസാം **(10-12-12)**
സകൃദ്യദംഗ പ്രതിമാന്തരാഹിതാ മനോമയീ ഭഗവതീം ദദൌ ഗതിം
സഏവ നിത്യാത്മ സുഖാനുഭൂത്യഭി വ്യുദസ്തമായോഽന്തർഗ്ഗതോ ഹി കിം പുന: **(10-12-39)**

*ശുകമുനി തുടർന്നു:*
ഒരു ദിവസം കൃഷ്ണനും കൂട്ടരും നേരത്തേ തന്നെ കാട്ടിലേക്ക് പോയി. ഉല്ലാസയാത്രയാണവർ അന്നു പരിപാടിയിട്ടത്. കാട്ടിലെത്തിയ അവർ പലേ കളികളിലും മുഴുകി. പശുക്കൾ പുല്ലു മേഞ്ഞു നടന്നു. പരംപൊരുളായ ഭഗവാൻെറ തോഴരായി കളിക്കാനിടവരുക എത്ര ഭാഗ്യകരമണെന്നു നോക്കുക. യോഗിമാരുടെ ധ്യാനനിദാനമായ ഭഗവാൻെറ കളിക്കൂട്ടുകാരായ വൃന്ദാവനവാസികൾ അതീവ ഭാഗ്യശാലികളത്രെ. മഹാത്മാക്കൾക്കും യോഗിവര്യൻമാർക്കുപോലും ആരുടെ പാദരേണുക്കൾ അപ്രാപ്യമാണോ ആ ഭഗവാൻ അവർക്കൊപ്പം ജീവിക്കുന്നു. ഇത് തീർച്ചയായും അവരുടെ മുജ്ജൻമ സുകൃതഫലം തന്നെ.

ആ ഗോപാലൻമാരിരിക്കുന്ന സ്ഥലത്തേയദ്ധക്ക് കംസൻെറ നിർദ്ദേശപ്രകാരം അഘാസുരൻ എത്തി. പൂതനയുടേയും ബകാസുരൻേറയും സഹോദരനായ അഘന് കൃഷ്ണനോട് പകയുണ്ടായിരുന്നുതാനും. വലിയൊരു മലമ്പാമ്പിൻെറ രൂപത്തിൽ അവൻ കൃഷ്ണനേയും കൂട്ടുകാരേയും കാത്തുകിടന്നു. വായ് തുറന്നു വച്ച് കീഴ്ചുണ്ട് ഭൂമിയിലും മേൽച്ചുണ്ട് ആകാശം മുട്ടെയും വലിപ്പമുണ്ടായിരുന്നു ആ വായക്ക്. എല്ലാവരേയും ഒന്നിച്ചു വിഴുങ്ങാനായിരുന്നു അവൻെറ പരിപാടി. സംഘം വായിലേക്ക് നടന്നു കയറാൻ അവൻ കാത്തിരുന്നു.

കളികളിൽ മുഴുകി കൃഷ്ണൻെറ കൂട്ടുകാർ അഘാസുരൻെറ അടുത്തെത്തി. അവൻെറ വായ വലിയൊരു ഗുഹയാണെന്നും നാവ് പാതയാണെന്നും ചൂടു കാറ്റ് അടിക്കുന്നുവെന്നും കരുതി അവർ നടന്നു. ഈ ഗുഹയെക്കണ്ട് ചിലർക്ക് സംശയമുണ്ടായെങ്കിലും മറ്റുള്ളവർ അവരെ സമാധാനപ്പെടുത്തി. ഇതൊരു ഭീകരജീവിയാണെങ്കിൽ പോലും കൃഷ്ണൻ കൂടെയുള്ളതുകൊണ്ട് പേടിക്കാനില്ല. ബകാസുരനെ കൊന്നത് കൃഷ്ണല്ലേ?

കൃഷ്ണൻ മലമ്പാമ്പിനെ കണ്ട് കൂട്ടുകാരെ തടയാൻ ആഗ്രഹിച്ചെങ്കിലും അവർ നടന്നു മുന്നോട്ടു പോയിക്കഴിഞ്ഞിരുന്നു. രാക്ഷസൻ കൃഷ്ണൻ കയറി വരാൻ കാത്തിരുന്നു. തൻെറ കൂട്ടുകാരേയും ഗോക്കളേയും രക്ഷിക്കാനായി കൃഷ്ണനും അകത്തു കയറാൻ തീരുമാനിച്ചു. ഭഗവാൻ വായിൽ കയറിയതും അസുരൻ വായടച്ചു. അവൻെറ കണ്ഠത്തിൽ ഭഗവാൻ ഭീമാകാരനായി വളർന്നു. അവന് ശ്വാസം മുട്ടി. പ്രാണവായു കിട്ടാതെ കണ്ണു തുറിച്ച് അവൻ ചത്തു വീണു. കൃഷ്ണൻ തൻെറ കടക്കോണിൻെറ ഒരു നോട്ടം കൊണ്ട് ഗോക്കളെയും ഗോപാലൻമാരെയും രക്ഷിച്ചു. പ്രാണവായു പോയപ്പോൾ രാക്ഷസൻെറ തലയോട്ടി പിളർന്നിരുന്നു. ആ ദ്വാരത്തിലൂടെ കൃഷ്ണനും കൂട്ടുകാരും പുറത്തു വന്നു. കൃഷ്ണൻ നോക്കി നിൽക്കെ അഭൗമമായ ഒരു ജ്യോതിർഗോളം അസുരനിൽ നിന്നും കൃഷ്ണഹൃദയത്തിലേക്ക് പ്രവേശിച്ചു. അസുരന് മുക്തിയായി. അത്ഭുതമേതുമില്ല. ഭഗവാൻ സ്വയം അവൻെറ ശരീരത്തിനുള്ളിൽ കയറിയല്ലോ. അങ്ങിനെയുള്ള ഒരുവന് ഭഗവാൻ എന്തുതന്നെ നൽകുകയില്ല? ഒരിക്കലെങ്കിലും തങ്ങളുടെ ഹൃദയത്തിൽ ഭഗവാനെ ആസനസ്ഥനാക്കുന്നവന് ആ പരംപൊരുൾ മുക്തി പദത്തെ നൽകുന്നു.

കൃഷ്ണൻെറ അഞ്ചാം വയസ്സിലാണ് അഘാസുരന് മുക്തി നൽകിയത്. എന്നാൽ ആറാം വയസ്സിലാണ് ബാലൻമാർ ഗ്രാമവാസികളോട് അപ്പോൾ സംഭവിച്ചു എന്ന മട്ടിൽ ഇക്കാര്യങ്ങൾ വിവരിച്ചത്.